നം.ഇ.ഇ2-38607/2010/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി.20.8.2013.

# സർക്കുലർ

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സർക്കാർ നഴ്സിംഗ് സ്കൂളിലെ നഴ്സിംഗ് ട്യൂട്ടർ നിയമനം - സംബന്ധിച്ച് -

സൂചന:- ഈ ആഫീസിലെ 13.8.2013.ലെ ഇതേ നമ്പർ ഉത്തരവ്.

...

ഈ ആഫീസിലെ ഉത്തരവ് നമ്പർ ഇ.ഇ2-38607/2010,തീയതി.30.7.2013 പ്രകാരം സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ 71നഴ്സിംഗ് ട്യൂട്ടർമാരെ നിയമിച്ചിട്ടുള്ളതും പ്രസ്തുത തസ്തികയിൽ ജോലി ക്രമീകരണത്തിന്റെ ഭാഗമായി നടത്തിയ നിയമനങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഉത്തരവ് സൂചന പ്രകാരം ഇതിനോടകം റദ്ദ് ചെയ്തിട്ടുള്ളതും 29.7.2013.ൽ നഴ്സിംഗ് സ്കൂളുകൾ ഏത് രീതിയിൽ പ്രവർത്തിച്ചിരുന്നോ ആ രീതിയിൽ തുടർന്നും പ്രവർത്തിപ്പിക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ പല നഴ്സിംഗ് സ്കൂളുകളിലും പ്രസ്തുത രീതി അവലംബിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററുകളിലും 29.7.2013.ൽ ജോലി ക്രമീകരണത്തിന്റെ ഭാഗമായി നഴ്സിംഗ് ട്യൂട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന എല്ലാ ജീവനക്കാരെയും തുടർന്നും തൽസ്ഥിതിയിൽ തുടരാൻ അനുവദിക്കേണ്ടതാണ്. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും, ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ആഫീസർ, നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽമാരും ഇതിനു വേണ്ട ക്രമീകരണം നടത്തേണ്ടതാണ്.

ഇതിനോടകം ജോലി ക്രമീകരണത്തിന്റെ ഭാഗമായി നൽകിയ ഉത്തരവിന്റെ കാലാവധി കഴിഞ്ഞ് ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചവർക്ക് ആയത് ദീർഘിപ്പിച്ച് ഉത്തരവ് നൽകുന്നതാണെന്നും അറിയിക്കുന്നു.

(ഒപ്പ്)
ഡോ.പി.കെ.ജമീല
ആരോഗ്യ വകുപ്പ് ഡയറക്ടർ

പകർപ്പ്:-
1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്
3. സർക്കാർ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽമാർ
4. വെബ്സൈറ്റ്

//അംഗീകാരത്തോടെ//

Sreelatha

സൂപ്രണ്ട്.